## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1972 — 10.10.2011 -ൽ മറുപടിക്ക്

**പൊതുജനാരോഗ്യ നിയമം ഏകീകരണം**

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പൊതുജനാരോഗ്യ നിയമവും, തിരുകൊച്ചി, മലബാർ ആക്ടും രണ്ട് തരത്തിലാണ് എന്ന കാര്യം ബോദ്ധ്യമുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | ബോദ്ധ്യമുണ്ട്. കേരള സംസ്ഥാനം രൂപീകരിക്കുന്നതിനു മുമ്പുണ്ടായിരുന്ന തിരുകൊച്ചി പ്രദേശങ്ങൾ 1955 ലെ ട്രാവൻകൂർ കൊച്ചിൻ (റ്റി.സി.) പബ്ളിക് ഹെൽത്ത് ആക്ടും പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ പ്രദേശങ്ങളിൽ 1939 ലെ മദ്രാസ് പബ്ളിക് ഹെൽത്ത് ആക്ടുമാണ് നിലവിലുള്ളത്. |
| (ബി) | പ്രസ്തുത ആരോഗ്യ നിയമം ഏകീകരിച്ചാൽ ആയത് പൊതുജനങ്ങൾക്ക് വളരെ പ്രയോജനപ്പെടുമെന്ന കാര്യം ബോദ്ധ്യമുണ്ടോ; | (ബി) | ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ നിയമങ്ങൾ ഏകീകരിക്കുവാൻ സന്നദ്ധമാകുമോ; | (സി) & (ഡി) | ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള കരട് ബില്ല് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് രൂപം നൽകാനുള്ള നടപടികൾ എടുത്തു വരുന്നു. |
| (ഡി) | പ്രസ്തുത നിയമ ഏകീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |

സെക്ഷൻ ഓഫീസർ